**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **31-01-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ചിട്ടുള്ള ആകെ തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | വ്യക്തമാക്കാം. നടപ്പ് സാമ്പത്തിക വർഷം മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് യൂണിവേഴ്സിറ്റി എന്നിവയുടെ പ്രവർത്തനത്തിനായി 436.33 കോടി രൂപ പദ്ധതിയിനത്തിലും, 250.17 കോടി രൂപ പദ്ധതിയിതര ഇനത്തിലുമായി ആകെ 686.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി ഇനത്തിൽ 189.1 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്കും, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വകയിരുത്തിയിട്ടുള്ളത്. അവയിൽ 158.37 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ പദ്ധതിയിതര ഇനത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തീരദേശത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് 88.20 കോടി രൂപ വകയിരുത്തിയതിൽ പൂർണ്ണമായും ഭരണാനുമതി നൽകി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നതിന് 45 കോടി രൂപ വകയിരുത്തുകയും 15.43 കോടി രൂപ ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ